

# Fire Fly

GHSS KALLOOR, NOOLPUZHA

\

കല്ലൂർ ഗവ:  ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ വിദ്യാലയത്തിലെ കുട്ടികളുടെ സർഗ്ഗവാസനകൾ വെളിപ്പെടുത്തുന്നചെറിയൊരു സംരംഭമാണിത്. ചെറുതെങ്കിലും മികവാർന്ന സൃശ്ടികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ മാഗസിൻ സസന്തോഷം സമർപ്പിക്കട്ടെ.......

പരിമിധികൾക്കുള്ളിൽ നിന്നും പുറത്തിറങ്ങുന്ന ഈ മാഗസിൻ ഹൃദയപൂർവ്വം സ്വികരിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് സമർപ്പിക്കുന്നു........

സ്നേഹാശംസകളോടെ,

നിഷ കെ ആർ ,
ഹെഡ്മിസ്ട്രസ്

# ഉള്ളടക്കം


1. ആമുഖം

2. ചെറുകഥകൾ

3. പൊതുവിദ്യാഭ്യാസം കേരളത്തിൽ

4. അമ്മ  കവിത

5. അമ്പിളിയമ്മാവനും കുട്ടിയും

6. സിംഹത്തിനു പറ്റിയ അമളി

7. രണ്ടു കൂട്ടുകാർ

8. എലികളുടെ കഥകൾ

9. परिवार का महत्त्व

10. कबीरदास समाज उद्धारक

11. William Shakespeare

# Fire Fly

Digital Mgazine

## Editorial Board


Student Editor : Aysha Mariyam
Staff Editor : Remya K R

Members

: Feaba Jain

: Shadiya

: Resla Fathima

: Nivedya T R

# നൂൽപ്പുഴയുടെ ജനകീയ വിദ്യാലയം

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി നഗരത്തിൽ നിന്ന് 8 കി.മീ അകലെ നൂൽപ്പുഴ പഞ്ചായത്തിലെ ആറാം വാർഡിലെ കല്ലൂർ 66. എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഒരു സർക്കാർവിദ്യാലയമാണ് കല്ലൂർ ഗവ. ഹൈസ്കൂൾ. 1889 ൽബ്രിട്ടീഷ് ഗവണ്മെൻറ് സ്ഥാപിച്ച ഈ വിദ്യാലയം വയനാട് ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്. 1990 വരെ നൂൽപ്പുഴ പഞ്ചായത്തിലെ ഏക ഹൈസ്കൂൾ ആയിരുന്നു ഇത്. ദേശീയപാത 766 ന്റെ പാർശ്വ ഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം സുൽത്താൻ ബത്തേരി ഉപജില്ലയിൽ ഉൾപ്പെടുന്നു. ഒന്നാം തരം മുതൽ 10-ാം തരം വരെയായി 722 കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. കല്ലൂർ, മുത്തങ്ങ, പൊൻകുഴി, തകരപ്പാടി, കോളൂർ, കല്ലുമുക്ക്, മാറോട്, നെന്മേനിക്കുന്ന്, തോട്ടാമൂല, നായ്ക്കട്ടി, വെളുത്തൊണ്ടി,മറുക്കര തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള കുട്ടികൾ ഇവിടെ പഠനത്തിനായി എത്തുന്നു.ജി എൽ പി എസ് മുത്തങ്ങ, ജി എൽ പി എസ് കല്ലുമുക്ക്, ശ്രീജയ എ എൽ പി എസ് നെന്മേനിക്കുന്ന്,എ എൽ പി എസ് നായ്ക്കട്ടി എന്നിവിടങ്ങളിൽ നിന്നുള്ള കുട്ടികൾ ഇവിടെ അഡ്മിഷൻ തേടുന്നു. കൂടാതെ മാറോട്, തകരപ്പാടി, കുമിഴി, പൊൻകുഴി തുടങ്ങിയ സ്ഥലങ്ങളിലുള്ള ഏകാധ്യാപക വിദ്യാലയങ്ങളിൽനിന്നും കുട്ടികൾ എത്തുന്നു.

# ചെറിയ കഥകൾ

## ലേഖനം സംഗീത് ബേബിച്ചൻ

മലയാള സാഹിത്യത്തിൽ ഒഴിച്ചു കൂടാനാവാത്ത സാഹിത്യ ശാഖയാണ് ചെറുകഥകൾ . ചെറുകഥകൾ എന്നത് ഒരു കഥാതന്തുവിലോ, കഥാപാത്രത്തിലോ, പ്രമേയത്തിലോ കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ള ഒരു ഹ്രസ്വ സാഹിത്യ സൃഷ്ടിയാണ്. പേര് സൂചിപ്പിക്കുന്ന പോലെ ചെറുകഥകൾക്ക് നോവലിനേക്കാൾ ചെറിയ രൂപമാണ്.

സാധാരണയായി ഏകദേശം നൂറ് മുതൽ ആയിരക്കണക്കിന് വാക്കുകൾ വരെയാണ് ഇതിൽ ഉപയോഗിക്കുന്നത്.ചെറുകഥകൾക്ക് കൃത്യമായ ഒരു ഘടന ഉണ്ട്. ഇതിൽ പ്രധാനമായും കഥാപാത്രത്തിൻറെ വളർച്ചക്കോ, പ്രത്യേക കാലഘട്ടത്തിൽ നടക്കുന്ന കാര്യങ്ങൾക്കോ അതിന്റെ ആശയത്തിനോ ആണ് ഊന്നൽ നൽകുന്നത്. ചെറുകഥകൾ ആയതു കൊണ്ട് വൈവിധ്യമാർന്ന ആശയങ്ങളും മറ്റും ഇതിൽ ഉൾകൊള്ളിക്കാൻ സാധിക്കുന്നു. അതിനാൽ തന്നെ വായനക്കാരുടെ ജനപ്രിയ വിഭാഗമാണ് ചെറുകഥകൾ ചുരുങ്ങിയ വാക്കുകളിൽ തന്നെ ഒരു കഥ പറഞ്ഞു തീർക്കുന്നത് കൊണ്ട് വായനക്കാർക്ക് ചെറുകഥകൾ പ്രിയപ്പെട്ടതാണ്. മുന്നേപറഞ്ഞതു പോലെ കഥാപത്രങ്ങൾക്കും കഥയുടെ ആശയത്തിനും കൂടുതൽ പ്രാധാന്യം നൽകുന്നത് മൂലം അവയോട് കൂടുതൽ അടുപ്പം വായനക്കാർക്ക് ഉണ്ടാകുന്നു. ഒരു വിഷയത്തെപ്പറ്റി മാത്രം കഥ പറഞ്ഞു പോകുന്നതിനാൽ വായനക്കാരിൽ യാതൊരു വിധത്തിലുള്ളഅമ്പരപ്പും ചെറുകഥകൾ ഉണ്ടാക്കുന്നില്ല.

മലയാളത്തിന്റെ സാഹിത്യമേഖലയിൽ ചെറുകഥകൾക്ക് വലിയ സ്ഥാനമുണ്ട്. അവയുടെആഴത്തിലുള്ള വിശകലനങ്ങൾ പരിശോധിക്കാനുള്ള കഴിവ്, ചുരുങ്ങിയ സമയത്തിനുള്ളിൽ സ്വാധീനമുള്ള വിവരണങ്ങൾ നൽകുന്നതിനുള്ള കഴിവ് ഇവയെല്ലാം വായനക്കാരെ ഈ വിഭാഗത്തിലേക്ക് ആകർഷിപ്പിക്കുന്നു. മലയാളത്തിലെ ചെറുകഥകളുടെ വൈവിധ്യം ശ്രദ്ധേയമാണ്. ഈ കഥകൾ പലപ്പോഴും മനുഷ്യ വികാരങ്ങളുടെയും അനുഭവങ്ങളുടെയും സൂക്ഷ്മതകൾ ആഴത്തിൽ സ്പർശിച്ചുപോകുന്നു. പ്രണയം, നഷ്ടം, സാമൂഹിക പ്രശ്നങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങൾ

കൈകാര്യം ചെയ്യുന്നു. മലയാള ചെറുകഥകളിൽ ഉപയോഗിക്കുന്ന ഭാഷ സമ്പന്നവും ഉജ്ജ്വലവുമാണ്. ഇത് വായനക്കാരന്റെ ചിന്തകളെ കൂടുതൽ ആഴങ്ങളിലേക്ക് കൂട്ടി കൊണ്ടുപോകാൻ സഹായിക്കുന്നു.

ചുരുങ്ങിയ വാക്കുകളിൽ കഥ പറഞ്ഞു പോകുമെങ്കിലും ചെറുകഥകൾ നമുക്ക് ആഴത്തിൽ ചിന്തിക്കാനുള്ള അവസരം തരുന്നു. മലയാള ചെറുകഥകൾക്ക് ശക്തമായ സന്ദേശങ്ങളും വികാരങ്ങളും അതേ രൂപത്തിൽ കൈമാറാനുള്ള കഴിവുണ്ട്. ഇത് മലയാള ഭാഷയിലെ വായനക്കാർക്കും എഴുത്തുകാർക്കും ചെറുകഥകളെ ആകർഷകവും പരിചിതവുമായ സാഹിത്യ രൂപമാക്കി മാറ്റുന്നു.

മലയാള സാഹിത്യത്തിന് ചെറുകഥകളുടെ സമ്പന്നമായ പാരമ്പര്യമുണ്ട്, കൂടാതെ പല പ്രമുഖ എഴുത്തുകാരും

ഈ വിഭാഗത്തിന് കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. മലയാള സാഹിത്യത്തിലെ പ്രമുഖ ചെറുകഥകളിൽ വൈക്കം മുഹമ്മദ് ബഷീർ, എസ് കെ പൊറ്റെക്കാട്ട്, എം ടി വാസുദേവൻ നായർ തുടങ്ങിയവരുടെ കൃതികൾ ഉൾപ്പെടുന്നു. ഈ കഥകൾ നർമ്മവും സാമൂഹിക വ്യാഖ്യാനവും മുതൽ മനുഷ്യബന്ധങ്ങളുടെയും മനുഷ്യാവസ്ഥയുടെയും ഉജ്ജ്വലമായ നേർ ചിത്രങ്ങൾ വരെ വൈവിധ്യമാർന്ന ആശയങ്ങളിലൂടെ തുറന്നു കാട്ടുന്നു. മലയാള ചെറുകഥകൾ വായനക്കാരെ ആകർഷിക്കുന്ന വിധത്തിൽ സമ്പന്നവും വൈവിധ്യപൂർണ്ണവുമായ സാഹിത്യ പാരമ്പര്യം വാഗ്ദാനം ചെയ്യുന്നു. വായനക്കാർ ചെറുകഥകൾ ഇഷ്ടപ്പെടുന്നതിനു നിരവധികാരണങ്ങൾ ഉണ്ട്. കഥ വളരെ പെട്ടെന്ന് നടക്കുന്നതിനാലും, ആകർഷകമായതിനാലും കൂടാതെ വൈകാരികമായി അടുപ്പിക്കുന്നതും ആയത് കൊണ്ടാണ്. നോവലിനെ വെച്ചു നോക്കുമ്പോൾ പെട്ടെന്ന് വായിച്ചു തീർക്കാൻ കഴിയുന്നത് ചെറുകഥകൾ ആണ്. കൂടാതെ നമുക്ക് വിവിധങ്ങളായ ആശയങ്ങളെപരിചയപ്പെടാനും വ്യാഖ്യാനിക്കാനും കഴിയുന്നു. വായനക്കാർക്ക് മാത്രമല്ല മറിച്ചുഎഴുത്തുകാരനും ഇതൊരു തരത്തിൽ ഒരു രക്ഷപ്പെടലാണ്. ബാഹ്യ സമ്മർദ്ധങ്ങളിൽ നിന്നും സർഗ്ഗാത്മകതയിലേക്കും ആസ്വാദനത്തിലേക്കുമുള്ള ഒരു രക്ഷപ്പെടൽ!

# പൊതുവിദ്യാഭ്യാസം കേരളത്തിൽ

**പ്രീത**

**ലോകമെമ്പാടും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഒരോ കുഞ്ഞിന്റേയും അവകാശമാണ്. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഭരണഘടന വിഭാവനം ചെയ്യുന്നത് 14 വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നൽകുക എന്നതാണ്. ഇതിനാവശ്യമായ സാഹചര്യം ഒരുക്കേണ്ടത് ജനാധിപത്യ രീതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന സർക്കാരാണ്. ആ ഉത്തരവാദിത്തം വേണ്ടവിധത്തിൽ നിർവ്വഹിക്കപ്പെടുന്നുണ്ടോ എന്ന ഒരന്വേഷണമാണ് ഈ ലേഖനം. കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ ശ്രദ്ധാലുക്കളായ എല്ലാവരും ഈ വിഷയത്തിൽ പ്രതികരിക്കും എന്ന് പ്രതീക്ഷിക്കുന്നു.**

## i) പ്രീ-പ്രൈമറി വിദ്യാഭ്യാസം
## ii) പ്രൈമറി വിദ്യാഭ്യാസം
## iii) സെക്കണ്ടറി വിദ്യാഭ്യാസം

**ഇവയെപ്പറ്റി വിശദമായി ഒന്നു പരിശോധിക്കാം**

പ്രീ-പ്രൈമറി വിദ്യാഭ്യാസം

ഒരു കുട്ടി ജനിച്ച് 3 വയസ്സു മുതൽ അഞ്ചു വയസ്സുവരെയുള്ള കാലഘട്ടമാണല്ലോ ഇത്. ഭാവിയുടെ ഭാഗധേയങ്ങൾ ...
*സാമൂഹ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിലുള്ള അംഗനവാടികൾ

പാലൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്കും അവരുടെ ആരോഗ്യ പരിരക്ഷയ്ക്കും ബുദ്ധി വികാസത്തിനും കൗൺസിലിങ്ങിനും ഈ അംഗനവാടികൾ ബാദ്ധ്യസ്ഥരാണ്. ഇതിൽ പ്രധാനം മൂന്നു മുതൽ അഞ്ചു വരെ വയസ്സുള്ള കുട്ടികളുടെ മാനസിക വികാസത്തിനും പ്രീസ്കൂൾ അനുഭവങ്ങൾ ഒരുക്കുന്നതിനുമാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ത്രിതലപഞ്ചായത്ത് സൗകര്യം വന്നപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഇവയുടെ പ്രവർത്തനം നടക്കുന്നത്.

ഒരംഗനവാടിയിൽ ഒരു വർക്കറും ഒരു ആയയും മാത്രമാണ് ഉള്ളത്. ഒരു പഞ്ചായത്തിലെ ഓരോ വാർഡിലും ഒരു അംഗനവാടിയെങ്കിലും ഉണ്ടായിരിക്കണമെന്നാണ് വ്യവസ്ഥ. മിക്ക അംഗനവാടികളിലും 70 വയസ്സുവരെയുള്ള വർക്കറോ ആയയോ പ്രവർത്തിച്ചു വരുന്നു. മിക്ക അംഗനവാടികൾക്കും സ്വന്തമായി കെട്ടിടങ്ങളോ മറ്റു സൗ...
വിദ്യാഭ്യാസം

കതിരിൽ കൊണ്ട് വളം വയ്ക്കുന്ന എന്നൊരു ചൊല്ലുണ്ട്. പൊതുവിദ്യാഭ്യാസമെന്ന് ഉദ്ദേശിക്കുന്നത് തന്നെ പത്താം ക്ളാസിൽ എല്ലാ വിഷയത്തിനും A+ കിട്ടുക എന്നതാണ് എന്ന് തോന്നാറുണ്ട്. പത്താംതരം ജയിച്ച ഒരു കുട്ടിയുടെ പഠന നിലവാരം പരിശോധിച്ചാൽ അതിൽ ധാരാളം വീഴ്ചകൾ ഉണ്ടായിട്ടുണ്ട് എന്നതാണ് അടുത്ത കാലത്തുയർന്ന വിമർശനങ്ങൾ. ഇവയെക്കുറിച്ച് ഗഹനമായി ഒരു

കാലത്തുയർന്ന വിമർശനങ്ങൾ. ഇവയെക്കുറിച്ച് ഗഹനമായി ഒരു പരിശോധന നടത്തിയാൽ ചില കാര്യങ്ങൾ വ്യക്തമാകും. സാർവത്രികവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസത്തിന് പൊതു വിദ്യാഭ്യാസ വകുപ്പ് എത്രമാത്രം പ്രാധാന്യം കൊടുക്കുന്നുണ്ട് എന്നതാണ് ചോദ്യം. ഇവിടെ കതിരിൽ വളം വച്ചിട്ട് അതിന്റെ വിളവിനെക്കുറിച്ചാണ് വിമർശിക്കുന്നത്.

ഒന്നു മുതൽ എട്ടാം ക്ളാസ് വരെയാണ് വിദ്യാഭ്യാസ അവകാശ നിയമപ്രകാരം പ്രൈമറി ക്ളാസുകളായി നിർണ്ണയിച്ചിരിക്കുന്നത്. 9 & 10 ഇവ സെക്കണ്ടറി ക്ളാസുകളും. കേരളത്തിൽ ഇത് തികച്ചും വ്യത്യസ്തമാണ്. ഒന്നു മുതൽ നാലുവരെ പ്രൈമറി (LP) അഞ്ചുമുതൽ ഏഴുവരെ അപ്പർ

പ്രൈമറി(UP), എട്ടുമുതൽ 10 വരെ സെക്കണ്ടറി (HS). പ്രാഥമിക വിദ്യാഭ്യാസം ഗുണമേന്മയുള്ളതായിരിക്കണമെന്നാണ് എല്ലാ വിദ്യാഭ്യാസ കമ്മീഷനുകളും നിഷ്കർഷിക്കുന്നത്. അഞ്ചുതരം പ്രൈമറി വിദ്യാഭ്യാസമാണ് കേരളത്തിൽ ഇന്ന് പൊതുവേ കാണുന്നത്.

## 1) സംസ്ഥാന സിലബസ്

## 2) സി.ബി.എസ്.സി

## 3) ഐ.സി.എസ്.സി

## 4) കേന്ദ്ര സിലബസ് (NCERT)

## 5) അന്താരാഷ്ട്ര സിലബസ്

## ഇവ എന്താണെന്ന് പരിശോധിക്കാം

1) സംസ്ഥാന സിലബസ്

സംസ്ഥാന സിലബസ് പിന്തുടരുന്ന വിദ്യാലയങ്ങളെ മൂന്നായി തിരിക്കാം.

a) AIDED

b) Recognized AIDED

c) Government Schools

a) അംഗീകൃത സ്കൂളുകൾ (AIDED)
ഭൗതിക സാഹചര്യങ്ങളുടെ അഭാവം എയ്ഡെഡ് മേഖലയിലെ സ്കൂളുകളിൽ നിന്ന് അകറ്റുന്നു.പൊട്ടിപ്പൊളിഞ്ഞ കെട്ടിടങ്ങൾ, വേണ്ടത്ര ശൌചാലയങ്ങളുടെ അഭാവം,ഉപകരണങ്ങളുടെ കുറവ്

എന്നിവ എയ്ഡഡ് സ്കൂളുകളിലെ വിദ്യാഭ്യാസത്തെ പ്രതിസന്ധിയിലാക്കുന്നു. സർക്കാർ മേഖലയിൽ, പ്രത്യേകിച്ചും പ്രൈമറി തലത്തിൽ സർക്കാറിന്റെ ഫണ്ട് ആവശ്യത്തിനു ലഭ്യമായതിനാൽ ഇപ്പോൾ മിക്ക സ്കൂളുകളും മെച്ചപ്പെട്ട സൗകര്യങ്ങളോടെയാണു പ്രവർത്തിച്ചുവരുന്നത്.

ഇപ്പോൾ ഈ സാഹചര്യങ്ങൾ പതുക്കെ മാറുന്നുണ്ട്.തദ്ദേശ ഭരണകൂടങ്ങളുടെ ഇടപെടൽ,എസ്.എസ്.എ,ആർ.എം.എസ്.എ(Rashtreeya Madhyamik Shiksha Abhiyan) തുടങ്ങിയ കേന്ദ്ര സർക്കാർ പദ്ധതികൾ,യോഗ്യരായ അധ്യാപകരുടെ സാന്നിധ്യം തുടങ്ങിയ ഘടകങ്ങൾ ഈ മേഖലയെ മെച്ചപ്പെടുത്തുന്നതിൽ നല്ലൊരു പങ്കു വഹിക്കുന്നുണ്ട്. 1:30,1:35,1:45 എന്ന അധ്യാപക-വിദ്യാർഥി അനുപാതം ഫലപ്രദമായി നടപ്പിലാക്കാത്തതും ഒരു പിഴവാണ്.

പിഴവുകളുണ്ടെ...വിദ്യാഭ്യാസ പുരോഗതിയെ വളരയധികം സഹായിച്ചവയാണ് കേരളത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ . കാലോചിതമായ മാറ്റങ്ങൾ ഇവയുടെ ഘടനയിലും രീതിയിലും വന്നിട്ടുണ്ട് . ഗവണ്മെന്റ്, എയ്ഡെഡ് സ്ഥാപനങ്ങളിൽ ഫീസ് ഈടാകുന്നില്ല . ഇന്നത്തെ ഘടനയനുസരിച് പ്രീ പ്രൈമറിയ്ക്ക് ശേഷം ഒന്നു മുതൽ നാലു വരെ ലോവർ പ്രൈമറി , നാലു മുതൽ 7 വരെ അപ്പർ പ്രൈമറി , 8 മുതൽ 10 വരെ ഹൈ സ്കൂൾ , +1,+2 ഹയർ സെക്കന്ററി എന്ന രീതിയാണ് ഉള്ളത് .1 മുതൽ 8 വരെ സൗജ്യന ഭക്ഷണം , വസ്ത്രം , പാഠപുസ്തകം എന്നിവ നൽകുന്നു .

എസ്.എസ്.എൽ.സി

പൊതു വിദ്യാലയങ്ങൾ

സംസ്ഥാന സർക്കാരിൻ്റെ പങ്ക്

സിലബസ്സുകൾ

സർവ ശിക്ഷാ അഭിയാൻ

ഹയർ സെക്കണ്ടറി വിദ്യാഭ്യാസം

വൊക്കേഷണൽ ഹയർ സെക്കണ്ടറി

അദ്ധ്യാപകപരിശീലനം

സ്കൂൾ പ്രവേശനം

പഠനസൗകര്യങ്ങൾ

തിരുത്തുക

ഇന്ത്യയിലെ തന്നെ ഏറ്റവും മെച്ചപ്പെട്ട പഠനസൗകര്യങ്ങളാണ് കേരളത്തിലെ പൊതുവിദ്യാലയങ്ങൾ നൽകുന്നത്. റ്റൽസിട്ട ക്ലാസുമുറികൾ, കുട്ടി...പഠനപിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സഹായകമായി അനേകം പരിപാടികൾ നടന്നുവരുന്നുണ്ട്. ഭിന്നശേഷിക്കാർക്കും മെച്ചപ്പെടാനുള്ള പ്രത്യേക പരിശീലനം നൽകുന്നു. ആയതിനു പ്രത്യേകം അദ്ധ്യാപികമാരെ നിയമിച്ചിട്ടുണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നമ്മുടെ നാടിന്റെ നന്മയെന്ന് അംഗീകരിക്കപ്പെട്ട മത നിരപേക്ഷ നിലപാടും ബഹുസ്വരതയെ ഉൾക്കൊള്ളുന്ന മനോഭാവവും സഹിഷ്ണുതയും കൂട്ടമായി പ്രവർത്തിക്കാനുള്ള മനോഭാവവുമൊക്കെ വികസിച്ചു വന്നത്

പൊതുവിദ്യാലയങ്ങളിലൂടെയാണ്. കേരളത്തിലെ പൊതുവിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടതും വളർന്നതും ജനകീയമായ കൂട്ടായ്മയോടും പങ്കാളിത്തത്തോടും കൂടിയാണ്. ഈ ഒത്തൊരുമയും പങ്കാളിത്തവും വർദ്ധിപ്പിക്കേണ്ട സാഹചര്യം ഇന്ന് നിലനിൽക്കുന്നുണ്ട്.

ദേശീയതലത്തിൽ നിലനിൽക്കുന്ന ഒന്നാംതലമുറ പ്രശ്നങ്ങൾ കേരളത്തിൽ സമൂഹപങ്കാളിത്തത്തോടെ നാം ഇതിനകം പരിഹരിച്ചു കഴിഞ്ഞു. സ്കൂൾ പ്രാപ്യതയും പഠനതുടർച്ചയും കേരളത്തിൽ ഇന്ന് ഒരു പ്രധാന വിദ്യാഭ്യാസ പ്രശ്നമല്ല. ഇന്ന് നാം നേരിടുന്ന വെല്ലുവിളികളിൽ പ്രധാനമായവ താഴെപ്പറയുന്നു:

വിദ്യാഭ്യാസരംഗത്തെ രണ്ടാംതലമുറ പ്രശ്നങ്ങളായ തുല്യത, ഗുണത എന്നിവ ഉറപ്പാക്കൽ. ഇവയെ അഭിഅഭിമുഖീകരിക്കാൻ കഴിയും വിധം സ്കൂൾ പഠനാന്തരീക്ഷത്തെയും പഠനപരിസരത്തെയും മാറ്റിയെടുക്കൽ പുതിയ വെല്ലുവിളി ഏറ്റെടുക്കുന്നതിന് അധ്യാപകസമൂഹത്തെ പരിവർത്തിപ്പിക്കൽ രക്ഷിതാക്കളിൽ ഗുണമേന്മ

വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കൽഇതിനെല്ലാം അനുയോജ്യമായി വിദ്യാഭ്യാസ സംവിധാനത്തിന്റെയും ഭരണനിർവഹണ പങ്കാളികളുടെയും മനോഭാവം മാറ്റിയെടുക്കാൻ, പുത്തൻ കടമാബോധം സ്വാംശീകരിക്കൽകുട്ടികളുടെ സർവ്വതോൻമുഖമായ വികാസത്തിന് വേണ്ട പഠന അന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തൽ. നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടിയുടെ

ഗുണമേന്മാ വിദ്യാഭ്യാസത്തിന് മുതൽക്കൂട്ടാക്കൽ സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളെയും ഏകോപിപ്പിക്കൽ സമഗ്രമായ കാഴ്ചപ്പാടും പ്രവർത്തന പദ്ധതികളും ഇതിനു വേണ്ടി വരും. ഈ ദിശയിലേക്കുള്ള ബഹുജന കൂട്ടായ്മയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഭരണകർത്താക്കളും ഭരണനിർവാഹകരും പൊതു സമൂഹവും ഒരുമിച്ചു ചേർന്ന് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപാടിനനുഗുണമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള കൂട്ടായ അന്വേഷണമാണ് വേണ്ടത്. ഇതാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വിഭാവനം ചെയ്യുന്നത്.

# അമ്മ

## കവിത



ഫേബ ജയിൻ

അമ്മയെന്നരണ്ടക്ഷര
മല്ലയോ
എന്നെന്നുമെന്നിൽ
നിറഞ്ഞിടുന്നു

അമ്മതൻ ചൊല്ലുകൾ
മങ്ങാതെ മായാതെ

മനതാരിൻ ഉൾത്തട്ടിൽ
തെളിഞ്ഞിടുന്നു

കരുതലും കാരുണ്യവും
കലർപ്പില്ലാതെ ചൊരിയുമീ
നിത്യചൈതന്യമമ്മ.

വാത്സല്യ ചുംബനങ്ങൾ
കൊണ്ടെൻറെ ബാല്യങ്ങൾ
ഉത്സവമാക്കിയൊരമ്മ

അമ്മതൻ കുസൃതികൾ
എന്നുള്ളിൽ തീർത്തൊരാ

സന്തോഷനിർഭര
വസന്തകാലം

ഞാനുമെന്നമ്മയും ചേർന്നുള്ള
നാളുകൾ

നഷ്ടവസന്തത്തിൻ ഓർമ്മ
കൾ മാതിരി

എന്നെന്നുമെന്നെ
പുൽകിടുന്നു

അനർഗള നിർഗള
സ്നേഹത്തിൻ ദീപമായി

എന്നെന്നുമെന്നമ്മ കാത്തു
നിൽപ്പൂ

ആ മാറിൽ
പറ്റിച്ചേർന്നൊന്നുറങ്ങുവാൻ

കെട്ടിപ്പുണർന്നൊന്നു
മുത്തുവാൻ

ഏറെ കൊതിച്ചിടുന്നു
ഞാനിപ്പോഴും

അമ്മയെന്ന വാക്കിനാൽ
തളിർക്കുന്നു പൂക്കുന്നു

ഞാനെന്ന പുൽനാമ്പിൻ
പ്രതീക്ഷകളെന്നെന്നും

# അമ്പിളി അമ്മാവനും കുട്ടിയും

അമീർ സയാൻ
4 A



അമ്പിളിയമ്മാവാ താഴെവരു
എന്നോടൊത്ത് കളിച്ചീടാം
പാലും പഴവും തന്നീടാം
പൂവും പൂന്തേനും തന്നീടാം
നിന്നെ പോലുള്ളൊരു പപ്പടം
കൂട്ടി സദ്യതരാം
കൂട്ടുകാർകൊത്ത് പാടത്തും
പറമ്പത്തും പോയീടാം
സന്ധ്യക്കുനിന്നെ തിരിച്ചയക്കാം
താരക കുഞ്ഞുങ്ങൾ ഒറ്റക്കല്ലേ......

# സിംഹത്തിന് പറ്റിയ അമളി

കീർത്തന
3 B

ഒരിക്കൽ ഒരു കാട്ടിൽ സിംഹം ഉണ്ടായിരുന്നു. സിംഹം ഒരു ദിവസം വേട്ടയാടാൻ കാട്ടിൽ പോയി .സിംഹത്തിന് വേട്ടയാടി കിട്ടിയത് മാൻ ആയിരുന്നു. ഒരു ദിവസം മൃഗങ്ങൾ എല്ലാം ഈ സിംഹത്തിനെ കൊണ്ട് പൊറുതി മുട്ടി .എന്തെങ്കിലുമൊരു പരിഹാരം കാണണമെന്ന് എല്ലാവരും കൂടി തീരുമാനിച്ചു .മറ്റൊരു ദിവസം മുയൽ സിംഹത്തിന്റെ മടയിൽ പോയി .സിംഹത്തിനോട് മുയൽ പറഞ്ഞു കാട്ടിന്റെ ഉള്ളിൽ ഒരു കിണറുണ്ട്. ആ കിണറിൽ നിങ്ങളെ പോലുള്ള ഒരു സിംഹത്തിനെ ഞാൻ കണ്ടു .മുയലെ നീ എവിടെയാണ് മറ്റൊരു സിംഹത്തിന കണ്ടത്. വാ ഞാൻ കാണിച്ചുതരാം ഞാൻ കാണിച്ചു തന്നാൽ നീ പിന്നെ എന്നെ തിന്നുമോ?ഇല്ല ഞാൻ അങ്ങനെയൊന്നും ചെയ്യില്ലാ. മുയൽ കിണർ കാണിച്ചു കൊടുത്തു. ഇതാ ഇതിലാണ് ആ സിംഹമുള്ളത് .ഞാൻ നോക്കട്ടെ നീ പറഞ്ഞത് ശരിയാണല്ലോ .ഈ സിംഹം എന്നെ പോലെ ഉണ്ടല്ലോ .അപ്പോൾ സിംഹം ആ കിണറ്റിലേക്ക് ചാടി .സിംഹം നോക്കിയപ്പോൾ അതിൽ ഒരു സിംഹവും ഇല്ലാ . മുയൽ നുണപറഞ്ഞതാണ് സിംഹത്തിന് മനസ്സിലായി. മുയൽ സിംഹത്തിനോട് പറഞ്ഞു അത്യാഗ്രഹം ആപത്താണ് .സിംഹം അത് ഓർത്തില്ലാ.



# രണ്ടു കൂട്ടുകാർ

## കഥ

ഫർസാന നസ്രീൻ 6A



ഒരിക്കൽ രണ്ട് കൂട്ടുക്കാർ മരുഭൂമിയിലൂടെ നടന്ന് പോവുകയായിരുന്നു. ആ യാത്രയുടെ ഇടയിൽ അവർ തമ്മിൽ ഒരു തർക്കമുണ്ടായി.ആ തർക്കത്തെ തുടർന്ന് ഒരു കുട്ടുക്കാരൻ മറ്റെ കൂട്ടുക്കാരന്റെ മുഖത്ത് അടിച്ചു . അടികൊണ്ട് കുട്ടുക്കാരന് ഒരുപാട് വേദനിച്ചു. എങ്കിലും അവൻ ഒന്നും പറഞ്ഞില്ല പകരം മരുഭൂമിയിലുള്ള മണലിൽ എഴുതി ഇന്ന് എന്റെ പ്രിയകൂട്ടുക്കാരൻ എന്റെ മുഖത്തടിച്ചു . കുറച്ചു കഴിഞ്ഞ് അവർ വീണ്ടും യാത്ര തുടങ്ങി. യാത്രയുടെ ഇടയിൽ ദാഹിച്ച് വലഞ്ഞ അവർക്ക് ഒരു മരുപച്ച കാണാൻ സാധിച്ചു . അവർ രണ്ട് പേരും വെള്ളം കുടിക്കാൻ ഇറങ്ങിയപ്പോൾ അടികൊണ്ട കൂട്ടുക്കാരൻ ഒരു ചെളിക്കുഴിയിൽ വീണു അതു കണ്ട അവന്റെ പ്രിയകൂട്ടുക്കാരൻ അവനെ കഷ്ടപ്പെട്ട് രക്ഷിച്ചു . ഇതുകണ്ട ആ കൂട്ടുക്കാരൻ കല്ലിൽ എഴുതി ഇന്ന് എന്റെ പ്രിയകൂട്ടുക്കാരൻ എന്റെ ജീവൻ രക്ഷിച്ചു അവനെ അടിച്ചതും ജീവൻ രക്ഷിച്ചതുമായ അവന്റെ കൂട്ടുക്കാരൻ ചോദിച്ചു. ഞാൻ നിന്നെ വേദനിപ്പിച്ചപ്പോൾ നീ അത് മണലിൽ എഴുതി എന്നാൽ ഇപ്പോൾ ഞാൻ ജീവൻ രക്ഷിച്ചപ്പോൾ എന്തുകൊണ്ടാണ് നീ കല്ലിൽ എഴുതിയത്? കൂട്ടുക്കാരൻ മറുപടി പറഞ്ഞു ആരെങ്കിലും നമ്മളെ വേദനിപ്പിച്ചാൽ നമ്മൾ അത് മണലിൽ എഴുതണം . ക്ഷമയാർന്ന കാറ്റ് അതിനെ മായിച്ച് കളയും .പക്ഷേ ആരെങ്കിലും നമ്മുക്ക് നല്ലത് ചെയ്താൽ നമ്മൾ കല്ലിൽ കുത്തിവെയ്ക്കണം ഒരിക്കലും മാഞ്ഞ് പോവാത്തതുപോലെ ഗുണപാഠം നമ്മളുടെ സുഹൃത്ത് ബന്ധം നിലനിൽക്കണമെങ്കിൽ നമ്മൾ അത് ക്ഷമിക്കണം .

# എലികളുടെ കഥകൾ

## ആയിഷ അദീല 7C

## കഥ



പണ്ട് പണ്ട് കാലത്ത് ഒരു അപ്പൂപ്പനും അമ്മുമയും ജീവിച്ചിരുന്നു . അവർക്ക് ഒരു മകൾ ഉണ്ട് അവർ ജോലിയുമായ് അടുത്തുളള പട്ടണത്തിലാണ് താമസം ഈ അപ്പൂപ്പനും അമ്മൂമയും ഇഷ്ടം പോലെ കൃഷികൾ ഉണ്ടായിരുന്നു. അവർ പകലുമുഴുവൻ കൃഷി സ്ഥലത്ത് പണി ചെയ്യുന്നു അവരുടെ വീട്ടിനുള്ളിൽ വലിയ പത്തായവും ഉണ്ട് . അതിലാണെങ്കിലോ നിറച്ച് ധാന്യങ്ങളും ഉണ്ട് .പകൽ മുഴുവനും പണി ചെയ്യതാൽ രാത്രി സുഖമായി ഉറങ്ങണം പക്ഷേ അതാണ് ഇവർക്ക് ഏറ്റവും ഇല്ലാത്തത് രാത്രി ഒന്ന് കണ്ണടച്ചാൽ ഞെട്ടി എഴുന്നേൽക്കും.

എന്താ കാര്യം ഈ പത്തായപുരയിൽ ഉള്ള എലിയെ പിടിക്കണം. അല്ലേങ്കിൽ ഈ ധാന്യങ്ങൾ മുഴുവൻ ഈ എലികൾ തിന്നു നശിപ്പിക്കും അങ്ങനെ രാത്രിയായി ഇവർ രണ്ടാളും ഉണർന്നിരുന്നു .

തുടർച്ചയായ ഈ ഉറക്കകുറവുകൊണ്ട് പോകെ പോകെ ഇവരുടെ ആരോഗ്യം ക്ഷയിച്ചു .എലികളാണല്ലോ പ്രശ്നം അതിനെ ഒഴുവാക്കിയാൽ ഇവരുടെ പ്രശ്നങ്ങളു തീരും. ഇങ്ങനെ മകൾ അവധിക്ക് വരുമ്പോഴൊക്കെ പല പലകാര്യങ്ങളും ഈ എലിയെ നശിപ്പിക്കാൻ വേണ്ടി കൊണ്ടുപോയി കൊടുത്തു. കുറേ എലികൾ ചത്തുപോയി എന്നാൽ ഒരാൾ മാത്രം ഇനിയും ബാക്കിയുണ്ട് അതിനെ കുടി പിടികൂടണം.ഈ എലിയെക്കൂടി പിടികൂടണം.

അങ്ങനെയിരിക്കെ ഈ എലിയെ പിടിക്കാൻ അവധിക്ക് വന്ന മകൾ എന്ത് കൊണ്ട് കൊടുത്തു? ഒരു എലിപ്പെട്ടി കൊടുത്തു. ഈ പുതിയ എലിപ്പെട്ടി കണ്ട് അപ്പൂപ്പനും അമ്മൂമ്മക്കും സന്തോശമായി. കൊള്ളാം, ഇന്ന് ഇവൻ ഇതിൽ കുടുങ്ങും ഉറപ്പ്, അങ്ങനെ രാത്രി ഉറങ്ങുന്നതിന്ന മുൻപ് അവർ ഈ എലുപ്പെട്ടിയിൽ ഒരു തേങ്ങ കഷ്ണം വെച്ച് വെച്ചു. ശേഷം രണ്ടാളും ഉറങ്ങാൻ പോയി. വീട് പൂർണ നിശ്ബ്ദമായി. ഈ കഥയിലെ നായകനായ എലി പുറത്തിറങ്ങി.

അതി സുന്ദരനായ ഈ എലിക്ക് ഒരു കുഴപ്പമുണ്ട് ഇവൻ എന്ത് കാണുമ്പോഴും ഭയമാണ്.

അതുകൊണ്ട് ഒരു സ്ഥലം പത്ത് വട്ടം നിരിക്ഷിച്ചിട്ടെ ഇയാൾ അങ്ങോട്ട് പോവുകയുളളു . മാത്രമല്ല അൽപ്പം എന്തെങ്കിലും കൈയിൽ കിട്ടിയാൽ മതി അതുകൊണ്ട് ഓടി മാളത്തിൽ പോയി തിരിച്ചു വരും അത് തുടർന്നു . അപ്പൂപ്പനു അമ്മൂമയും വെച്ച എലിപെട്ടിക്കുള്ളിലെ തേങ്ങ കഷ്ണം തിന്നാൻ പോയപ്പോൾ അത് കുടുങ്ങി പിന്നെ അത് ചത്തു. അപ്പൂപ്പനും അമ്മൂമയ്യും സന്തോഷമായി ,അവർ പറഞ്ഞ വാക്ക് സത്യമായിരുന്നു. പിന്നെ ആ വീട്ടിൽ സന്തോഷമായിരുന്നു .

# परिवार का महत्व निबन्ध

\
अन्सिया अबूबक्कर
10C

प्रस्तावना

एक इंसान का परिवार उसके लिए संसार होता है। हम अपने जीवन में जो कुछ भी प्राप्त कर पाते हैं, वह परिवार के सहयोग और समर्थन स्वरूप ही प्राप्त कर पाते हैं। हमारे पालन- पोषण को हमारा परिवार अपनी पहली प्राथमिकता समझता है और जब तक हम सक्षम नहीं हो जाते हमारी सभी जरूरतों की पूर्ति निःस्वार्थ भाव से करता है।

परिवार के प्रकार

परिवार के दो प्रकार है  मूल तथा संयुक्त परिवार। मूल परिवार की बात करें तो यह पश्चिमी देशों की सभ्यता है। जिसमें दम्पति अपने बच्चों के साथ निवास करता है, पर परिवार का यह स्वरूप अब विश्वभर में देखा जा सकता है। संयुक्त परिवार, संयुक्त परिवार की अवधारणा भारत की संस्कृति की छवि को दिखाता है। संयुक्त परिवार जिसमें दो पीढ़ी से अधिक लोग एक साथ निवास करते हैं जैसे दादा- दादी, चाचा- चाची, बुआ आदि।

परिवार की भूमिका

माता- पिता हमारा पालन पोषण करते हैं। ब्रश करने तथा जूते का फीता बाँधने से लेकर पढ़ा- लिखा कर समाज का एक शिक्षित वयस्क बनाते हैं। भाई- बहन के रूप में घर में ही हमें दोस्त मिल जाते हैं, जिनसे अकारण हमारी अनेक लड़ाई होती है। भावनात्मक सहारा और सुरक्षा भाई- बहन से बेहतर और कोई नहीं दे सकता है। घर के बड़े- बुजुर्ग के रूप में दादा- दादी, नाना- नानी बच्चे पर सर्वाधिक प्रेम न्यौछावर करते हैं। कटु है पर सत्य है, व्यक्ति पर परिवार का साया न होने पर व्यक्ति अनाथ कहलाता है। इसलिए समृद्ध या गरीब परिवार का होना आवश्यक नहीं पर व्यक्ति के जीवन में परिवार का होना अतिआवश्यक है।

निष्कर्ष

समाज में हमारे पिता के नाम के साथ हमें पहचान दिलाने से लेकर हमारे पिता को हमारे नाम से जानने तक, परिवार हमें हर प्रकार से सहयोग प्रदान करता है। परिवार के अभाव में हमारा कोई अस्तित्व नहीं है, अतः हमें परिवार के महत्व को समझने की चेष्टा करनी चाहिए।

# कबीर एक समाज उद्धारक

लेख

शाखिरा 10 C



परिचय

भक्ति कालीन युग में जन्में हिंदी साहित्य के एक अनमोल कवि, जिनके जन्म को लेकर कई किम्वदंतियां प्रचलित हैं और माना जाता है की इनका जन्म 13 वीं से 14 वीं सदी के बीच हुई थी। इनकी माता एक ब्राह्मण विधवा थी, जिन्होंने इन्हें ऋषि मुनियों के आशीर्वाद से प्राप्त किया था। परन्तु विधवा होने के कारण लोक- लाज के डर से इन्हें जन्म के पश्चात एक तालाब के किनारे इन्हें छोड़ आई, जिसे लहरतारा नाम से जाना जाता है और यह आज भी काशी नगरी में मौजूद है।

व हां से एक मुस्लिम दंपति जिनका नाम नीमा और नीरू था ने उन्हें उठाया और अपने पुत्र की तरह इनका पालन पोषण किया। नीमा और नीरू पेशे से जुलाहे थे, परन्तु अपने पुत्र की तरह इन्हें पाला और इनका नाम कबीर रखा, जिसका अर्थ श्रेष्ठ होता है।

कबीर एक समाज उद्धारक

कर्म पर भरोसा: कबीर का केवल जन्म ही नहीं अपितु मृत्यु भी बहुत बड़ी रहस्यमय तरीके से हुई। जैसा की कहा जाता है की काशी में मृत्यु होने पर सीधा मोक्ष की प्राप्ति होती है परन्तु कबीर दास जी ने इस कथन को असत्य ठहराते हुए, मृत्यु के समय मगहर ( काशी से बहार का क्षेत्र) चले गए और वही उनकी मृत्यु हुई।

"सूरज चन्द्र का एक ही उजियारा, सब यहि पसरा ब्रह्म पसारा।

जल में कुम्भ, कुम्भ में जल है, बाहर भीतर पानी

फूटा कुम्भ जल जलहीं समाना, यह तथ कथौ गियानी।"

सब धर्म एक हैं: कबीर दास जी ने अपना पूरा जीवन साधुओं और फकीरों के साथ समाज के उद्धार हेतु गुजार दिया। और वे निराकार ब्रह्म के उपासक थे और मूर्ति पूजन का खंडन करते थे, वे जन्म से हिन्दू थे और उनका पालन- पोषण एक मुस्लिम परिवार में हुआ था परन्तु वे दोनों धर्मों को नहीं मानते थे;

"हिन्दू कहें मोहि राम पियारा, तुर्क कहें रहमाना

आपस में दोउ लड़ी- लड़ी मरे, मरम न जाना कोई |”

उनका मानना यह था की सब जाती, धर्म एक है और हम सब के अन्दर खुदा या भगवन का वास है, इस लिये स्वयं के विचार शुद्ध रखो यही सबसे बड़ी भक्ति है |

सत्य सबसे बड़ा तप: उनका कहना था की दुनिया में सत्य से बढ़ कर कुछ नहीं होता और यही सबसे बड़ा तप है जिसे कोई झुटला नहीं सकता |

“सत बराबर तप नहीं, झूठ बराबर नहीं पाप,

ताके हृदय साँच हैं, जाके हृदय आप |”

व्रत और पाखंड का विरोध: उनके अनुसार भगवन व्रत और उपवास से प्रसन्न नहीं होते क्यों की क्या फायदा ऐसे व्रत का जिसके करने के बाद भी आप झूठ बोलते हों, जीव हत्या करते हों | उन्होंने सभी धर्मों के इस विधान का विरोध किया;

“दिन को रोजा रहत है, राज हनत हो गया,

मेहि खून, वह वंदगी, क्योंकर खुशी खुदाय |”


निष्कर्ष

यह कहना गलत नहीं होगा की, आज भी हमारे समाज में कई कुरीतियाँ हैं | और उस काल में कबीर दास जी ने

# William Shakespeare

## The most famous writers of all time is the English playwright, poet and actor.

*Anurag CD 9C*



Arguably one of the most famous writers of all time is the English playwright, poet and actor named William Shakespeare. In his lifetime Shakespeare had written about a hundred and fifty-four sonnets, a few verses, two long narrative poems, and thirty-eight plays. It is observed that Shakespeare produced most of his work between the years 1589 to 1613.

Some of his best literary works are considered to be the early plays of the comedies and histories genre. Until about the year 1608, Shakespeare mainly wrote tragedies like Othello, Macbeth, and King Lear, which are considered to be some of his finest works. In the last few years of his life, Shakespeare mainly wrote tragicomedies and also collaborated with other English playwrights.

Shakespeare's works of literature have been translated into almost every major languages of the world, his work has also been adapted into movies, and his plays are performed more often than any other playwright's. Read more on Sarthaks.com - https://www.sarthaks.com/3462209/essay-on-william-shakespeare-in-150-words